**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിൽ പുതിയ ബസ് വാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ എത്ര വർഷം വരെ പഴക്കം ചെന്ന ബസ്സുകൾക്കാണ് സർവ്വീസ് നടത്തുന്നതിന് അനുമതിയുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | ജി.ഒ. (പി) നമ്പർ. 4/19, തീയതി. 29.01.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേജ് ക്യാരേജ് ബസ്സുകൾക്ക് പരമാവധി 20 വർഷം വരെ സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ബസ്സുകൾക്ക് ചെറിയ തകരാറുകൾ വന്നാൽ പോലും അത് പരിഹരിക്കാതെ ഇരിക്കുന്നത് മൂലം അവ ഡിപ്പോകളിൽ കിടന്ന് നശിക്കുകയും അഞ്ച് വർഷത്തിൽ താഴെ പഴക്കം ചെന്ന ബസ്സുകൾ പോലും ഇങ്ങനെ സ്ക്രാപ്പ് ആയി വിൽക്കുകയും ചെയ്യുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പുതുതായി എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ; | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി ഹഡ്കോയിൽ നിന്നും 95.30 കോടി രൂപ വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ബസ്സുകൾ വാങ്ങുന്നതിനായി പദ്ധതി വിഹിതമായി ടി സാമ്പത്തിക വർഷത്തിൽ 19.61 കോടി രൂപ സർക്കാർ, കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി 50 കോടി രൂപ ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തി എങ്കിലും, പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്ത് നൽകിയിരുന്നില്ല. തുടർന്ന് ടി 50 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ അനുവദിക്കുകയും, പ്രസ്തുത തുക ഉപയോഗിച്ച് 116 സൂപ്പർ ക്ലാസ്സ് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുമുണ്ട്. പ്രസ്തുത ബസ്സുകൾ ഉടൻതന്നെ നിരത്തിലിറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2016 മുതൽ 2021 വരെ 101 ബസുകൾ (100 ഡീസൽ ബസ് + 1 സി.എൻ.ജി.) വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്. ഒരു സി.എൻ.ജി. ബസിന് |

| | | | |
|---|---|---|---|
| | | | ചെലവായ തുക – 24,51,327/- രൂപ. 100 ഡീസൽ ബസിന് ചെലവായ തുക – 26,59,96,800/- രൂപ. |
| (ഡി) | പ്രസ്തുത ബസ്സുകൾ വാങ്ങിക്കുന്നതിനായി ചെലവഴിച്ച തുക കെ.എസ്.ആർ.ടി.സി. വായ്പ എടുത്തതാണോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത്; തിരിച്ചടവ് എങ്ങനെയാണ്; വിശദമായ വിവരം നൽകുമോ? | (ഡി) | 2016-17 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി 95.30 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പ എടുത്തിരുന്നു. പ്രസ്തുത വായ്പ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തിരം ലഭ്യമാക്കിയ തുക ഉപയോഗിച്ച് 3/2018ൽ പൂർണ്ണമായും ഒടുക്കിത്തീർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ